# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2574** **14.12.2015**-ൽ മറുപടിക്ക്

**തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററിലെ പരിമിതികൾ**

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി.എം. തോമസ് ഐസക് | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററിലെ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധന പരിശോധിക്കാറുണ്ടോ ; | (എ) | തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററിലെ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് ആർ.സി.സി. പരിശോധിക്കുകയും എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്ന വാർഷിക റിപ്പോർട്ട്, ഹോസ്പിറ്റൽ കാൻസർ രജിസ്ട്രി റിപ്പോർട്ട് എന്നിവയിൽ വ്യക്തമാക്കുന്നുമുണ്ട്. കഴിഞ്ഞ 10 വർഷമായി ആർ.സി.സി.യിൽ വരുന്ന രോഗികളുടെ എണ്ണം പരിശോധിച്ചതിൽ 45.3% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |

| വർഷം | വർഷാവർഷം രജിസ്റ്റർ ചെയ്യപ്പെടുന്ന മൊത്തം രോഗികളുടെ എണ്ണം |
|---|---|
| 2004-2005 | 10255 |
| 2005-2006 | 10310 |
| 2006-2007 | 11173 |
| 2007-2008 | 11327 |
| 2008-2009 | 12123 |
| 2009-2010 | 13040 |
| 2010-2011 | 13230 |
| 2011-2012 | 14282 |
| 2012-2013 | 14985 |
| 2013-2014 | 14903 |

| | | | |
|---|---|---|---|
| (ബി) | രോഗികളുടെ വർദ്ധനവിനനുസരിച്ച് രോഗനിർണയ സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങൾ വർദ്ധിക്കുന്നില്ലെന്നത് സർക്കാർ വിലയിരുത്താറുണ്ടോ ; | (ബി) | രോഗികളുടെ വർദ്ധനവിനനുസരിച്ച് രോഗ നിർണ്ണയ സൗകര്യങ്ങളും ചികിത്സാസൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനായി ആർ.സി.സി യിൽ നൂതന സജ്ജീകരണങ്ങളോടുകൂടി ഒരു പത്തു നില കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. |
| (സി) | ഡോക്ടർമാരുടെയും മറ്റ് പാരാ മെഡിക്കൽ ജീവനക്കാരുടെയും, ടെക്നിഷ്യൻമാരുടെയും കുറവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടിയുണ്ടാകുവാൻ നിർദ്ദേശം നൽകുമോ ? | (സി) | 24/02/2014 - ലെ സർക്കാർ ഉത്തരവ് നമ്പർ 60/2014/H&FWD പ്രകാരം 167 തസ്തികകൾ ആർ.സി.സിയിൽ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നിയമനങ്ങൾ പൂർത്തീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**